**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3506** **15-02-2024 - ൽ മറുപടിയ്ക്ക്**

**വാഗമൺ വില്ലേജിലെ റാണിമുടി ഭാഗത്തുള്ള വ്യാജ പട്ടയങ്ങൾ റദ്ദാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽപ്പെട്ട റാണിമുടി ഭാഗത്തുള്ള നൂറ്റിപ്പത്ത് ഏക്കർ സ്ഥലം മുപ്പത്തിയഞ്ച് കള്ള പട്ടയങ്ങൾ ഉപയോഗിച്ച് തട്ടിയെടുത്തിട്ടുണ്ട് എന്നത് സംബന്ധിച്ച് ഇടുക്കി ജില്ലാ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തി കണ്ടെത്തിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | ശ്രീമതി ഷേർളി @ ഫിലോമിന D/Oആൽബർട്ട്, ജോയിലാന്റ്, ഇടപ്പള്ളി, എറണാകുളം എന്നയാൾ സർക്കാരിൽ ഉൾപ്പെടെ സമർപ്പിച്ച പരാതികളുടേയും, ക്രൈംബ്രാഞ്ചിന്റെ റിപ്പോർട്ടിന്റേയും അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ പീരുമേട് താലൂക്കിൽ വാഗമൺ വില്ലേജിൽ റാണമുടി ഭാഗത്ത് സർവെനമ്പർ 724 ൽ ഉൾപ്പെട്ടുവരുന്ന ഭൂമിയിൽ നല്കിയ 12 പട്ടയങ്ങൾ പരിശോധിച്ച് ചട്ടവിരുദ്ധമായി പട്ടയം സമ്പാദിച്ചുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 ലെ ചട്ടം 8(3) പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ കളക്ടർ 16.01.2021 ലെ സി12/3638/2019 നടപടിക്രമത്തിലൂടെ ടി പട്ടയങ്ങൾ റദ്ദ് ചെയ്തിട്ടുള്ളതാണ്. കൂടാതെ വാഗമൺ വില്ലേജിലെ സർവെ നമ്പർ 724 ൽ നല്ലിയിട്ടുള്ള എല്ലാ പട്ടയങ്ങളുടേയും സാധുത പരിശോധിക്കുന്നതിന് തഹസിൽദാർ (ഭൂരേഖ), പീരുമേടിനെ ചുമതലപ്പെടുത്തിയിട്ടുമുള്ളതാണ്. ഇതേസമയം പട്ടയം റദ്ദ് ചെയ്ത ജില്ലാ കളക്ടറുടെ നടപടിയ്ക്കെതിരായി ബന്ധപ്പെട്ട അൻപതോളംപേർ ലാന്റ് റവന്യൂ കമ്മീഷണർ മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുകയും 12 പട്ടാദാർമാരേയും നിലവിലുള്ള എല്ലാ തണ്ടപ്പേർ കക്ഷികളേയും നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിനായി ടി അപ്പീലുകൾ ജില്ലാ കളക്ടർക്ക് റിമാൻഡ് ചെയ്തുകൊണ്ട് ലാന്റ് റവന്യൂ കമ്മീഷണ ഉത്തരവാകുകയുമുണ്ടായി. ടി 12 പട്ടയങ്ങളിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ആധാരങ്ങൾ പ്രകാരം നിലവിൽ 150 തണ്ടപ്പേർകക്ഷികൾ പ്രസ്തുത ഭൂമിയിൽ ഉടമസ്ഥരായിട്ടുള്ളതാണ്. ലാന്റ് റവന്യൂ കമ്മീഷണറുടെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടി തണ്ടപ്പേർ കക്ഷികളേയും പട്ടയകക്ഷികളേയും നേരിൽ കേൾക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ നിലവിൽ ജില്ലാ തലത്തിൽ നടന്നുവരുകയാണ്.<br><br>ഈ 12 പട്ടയങ്ങളിൽ 110 ഏക്കറിലെ 40 ഏക്കർ സ്ഥലം മാത്രമാണ് ഉൾപ്പെടുന്നതെന്നും അതിനാൽ തന്നെ ബാക്കിയുള്ള സ്ഥലങ്ങളിലേയ്ക്കും ആവശ്യമായ പരിശോധന നടത്തേണ്ടതുണ്ടെന്നും പട്ടയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ട് നിർബന്ധമാകയാൽ അടിയന്തരമായി ടി 110 ഏക്കർ സ്ഥലത്തിന്റെ ബാക്കി പട്ടയങ്ങളെ സംബന്ധിച്ചുള്ള വെരിഫിക്കേഷൻ പൂർത്തിയാക്കിയാൽ മാത്രമേ ക്രൈം.140/2019 നം കേസിന്റെ തുടർ നടപടികൾ പൂർത്തീകരിക്കാനാകുവെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. തുടർന്ന് വാഗമൺ റാണിമുടി എസ്റ്റേറ്റ് ഭാഗത്തുള്ള 110 ഏക്കർ സ്ഥലത്തിലെ ബാക്കി പട്ടയങ്ങളെ സംബന്ധിച്ചുള്ള വെരിഫിക്കേഷനും ടി സ്ഥലത്ത് നടന്ന ഭൂമി കൈമാറ്റങ്ങളുടെ സാധുതയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ പട്ടയകക്ഷികളേയും തണ്ടപ്പേർ കക്ഷികളേയും നേരിൽ കേട്ടശേഷം ടി പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ മുപ്പത്തിയഞ്ച് പട്ടയങ്ങളിൽ എത്രയെണ്ണമാണ് വ്യാജ പട്ടയം എന്ന് തെളിഞ്ഞിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | മേൽ വിവരിച്ച പ്രകാരം റവന്യൂ വകുപ്പ് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | വ്യാജമെന്ന് തെളിഞ്ഞിട്ടുള്ള പട്ടയങ്ങൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ എത്ര പട്ടയങ്ങളാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (സി) | മേൽ വിവരിച്ച പ്രകാരം റവന്യൂ വകുപ്പ് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) | മേൽപ്പറഞ്ഞ പട്ടയങ്ങളിൽ സാധുതയുള്ള പട്ടയങ്ങൾ ഉണ്ടെന്ന് റവന്യൂ വകുപ്പിന്റെയോ വിജിലൻസിന്റെയോ മറ്റ് അന്വേഷണ ഏജൻസികളുടെയൊ അന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | മേൽ വിവരിച്ച പ്രകാരം റവന്യൂ വകുപ്പ് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) | പ്രസ്തുത വിഷയത്തിൽ വിവിധ സർക്കാർ ഏജൻസികൾ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അന്വേഷണം നടത്തി കണ്ടെത്തിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും അറിയിക്കാമോ? | (ഇ) | മേൽ വിവരിച്ച പ്രകാരം റവന്യൂ വകുപ്പ് അന്വേഷണം നടത്തി വരുകയാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പട്ടയങ്ങളുടെ സാധുത സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ